## സബ്മിഷൻ

### ഖനനം നിർത്തിവയ്ക്കുന്നതിന് നടപടി

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബോക്സൈറ്റ് ഖനനം ചെയ്യുന്നതിനു വേണ്ടി ബോംബെ ആസ്ഥാനമായ ആശാ ബോസ്‍ലെ കമ്പനി നേരത്തെ നൽകിയിട്ടുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ എന്റെ നിയോജകമണ്ഡലത്തിലെ കിനാനൂർ കരിന്തളം പഞ്ചായത്തിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിനു വേണ്ടിയുള്ള നിർദ്ദേശം നൽകിയിരിക്കുന്നുവെന്ന് പത്രവാർത്തയുണ്ടായിരുന്നു. കഴിഞ്ഞ നിയമസഭാ സമ്മേളന കാലത്ത്, ബോക്സൈറ്റ് ഖനനത്തിനെതിരെ ആ പ്രദേശത്തെ ജനങ്ങൾ നിയമസഭയിലേക്ക് മാർച്ച് നടത്തിയ ദിവസം, 21.01.2014-ൽ ഖനനം സംബന്ധിച്ച നടപടികളെല്ലാം നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ ഒരു സബ്മിഷൻ അവതരിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അതിന് നൽകിയ ആ മറുപടിയിൽ പറഞ്ഞത് റവന്യൂ ഡിപ്പാർട്ട്മെന്റിൽനിന്ന് എൻ.ഒ.സി. നിന്ന് ലഭിച്ചിട്ടില്ലാത്തതിനാൽ യാതൊരു കാരണവശാലും ഖനനാനുമതി നൽകുകയില്ലായെന്നായിരുന്നു. ഈ മറുപടി നൽകിയത് ജനുവരിയിലാണ്. നവംബർ മാസത്തിൽത്തന്നെ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അവിടെ പാരിസ്ഥിതിക പഠനത്തിനുള്ള നിർദ്ദേശം നൽകിയിരുന്നു എന്ന് അറിയുമ്പോൾ ആ പ്രദേശത്തെ ജനങ്ങളെല്ലാം വലിയ ആശങ്കയിലാണ്. അത് സംബന്ധിച്ച വാർത്ത മേയ്മാസം മാസം 30-ാം തീയതി എല്ലാ മാധ്യമങ്ങളിലും വന്നതാണ്. പരിസ്ഥിതി പഠനത്തിന് നവംബറിൽ നിർദ്ദേശം നൽകിയിട്ടും അത് നടക്കില്ലായെന്ന് ജനുവരിയിൽ മന്ത്രി ഉറപ്പ് നൽകിയത്

ഇക്കാര്യം അറിയാതെയാണോ;. ബഹുമാനപ്പെട്ട മന്ത്രി പഴയ നിലപാടിൽ ഉറച്ചുനിൽക്കുമെന്ന് തന്നെയാണ് ഞാൻ കരുതുന്നത്. ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉറപ്പ് പാലിക്കണമെന്നും ഇതിനനുകൂലമായ അഭിപ്രായം ഉണ്ടാകണമെന്നുമാണ് എനിക്ക് പറയാനുള്ളത്.

**ഖനനം നിർത്തിവെയ്ക്കുന്നതിന് നടപടി**

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, 2007-ലാണ് അവിടെ ബോക്സൈറ്റ് ഖനനത്തിന് ലീസ് കൊടുത്തത്. പക്ഷെ, പാരിസ്ഥിതികപ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ച് ജനങ്ങളുടെ എതിർപ്പ് വന്നു. പ്രസ്തുത വിഷയം ബഹുമാനപ്പെട്ട മെമ്പർ ഈ സഭയിലുന്നയിച്ച സന്ദർഭത്തിൽ, ഇത്രയധികം എതിർപ്പുള്ളതുകൊണ്ട് ബോക്സൈറ്റ് ഖനനത്തിന് അനുവാദം കൊടുക്കുകയില്ലായെന്ന് ഞാൻ പറഞ്ഞിരുന്നു. അതനുസരിച്ച് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തു. ഖനനാനുമതി റദ്ദാക്കുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. കേന്ദ്ര വനം-പരിസ്ഥിതിവകുപ്പ് അങ്ങനെയൊരു പഠനം നടത്തിയതായി അറിയില്ല. അവിടെ ബോക്സൈറ്റ് ഖനനം നടത്താൻ പാടില്ലായെന്നതാണ് കേരള ഗവൺമെന്റിന്റെ അഭിപ്രായം. നടപടിക്രമങ്ങൾ പാലിച്ച് അതിനുള്ള അനുമതി റദ്ദാക്കും. ഈ കാര്യം വ്യവസായവകുപ്പ് റവന്യൂ വകുപ്പിനെയും അറിയിച്ചിട്ടുണ്ട്.

**വൈദ്യുതി അപകടമരണങ്ങൾ തടയൽ**

ശ്രീ. ലൂഡി ലൂയിസ്: സർ, വൈദ്യുതി വിതരണശൃംഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ അപകടമരണങ്ങൾക്ക് അവസാനമുണ്ടാക്കുന്നതിന്

നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. 2011 മെയ് മാസം മുതൽ 2013 ഫെബ്രുവരി വരെ 27 കെ.എസ്.ഇ.ബി. ജീവനക്കാർക്കും 26 കരാർ തൊഴിലാളികൾക്കും അപകടമരണം സംഭവിക്കുകയുണ്ടായി. 53 തൊഴിലാളികളുടെ കുടുംബങ്ങളാണ് അനാഥമായിരിക്കുന്നത്. അതുപോലെ തന്നെ 13 വർഷത്തിനുള്ളിൽ 2230 ജീവനുകൾ അപകടത്തിൽപ്പെടുകയുണ്ടായി. ഇതിൽ 394 പേർ വൈദ്യുതി ബോർഡ് ജീവനക്കാരാണ്. ഇവർക്ക് ആധുനിക സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്തുകയും പരിശീലന ക്ലാസ്സുകൾ നടത്താനുള്ള സംവിധാനമുണ്ടാക്കുകയും വേണം. നമ്മൾ ഇന്ന് ആധുനിക യുഗത്തിലാണ് ജീവിക്കുന്നത്. ഈ കാലഘട്ടത്തിലും വൈദ്യുതി ജീവനക്കാർക്കുള്ളത് പഴഞ്ചൻ ഉപകരണങ്ങളാണുള്ളത്. ഇവർക്ക് സ്കൈ ലിഫ്റ്റുകൾ കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ തന്നെ വൈദ്യുതിയുടെ സാന്നിദ്ധ്യം അറിയുവാൻ കഴിവുള്ള സെൻസറുകൾ ഘടിപ്പിച്ചിട്ടുള്ള ഉപകരണങ്ങൾ ഇവർക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. വൈദ്യുതി ലൈനിൽ റിപ്പയർ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ പല സ്വകാര്യസ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന ജനറേറ്ററുകളിൽ നിന്നുമുണ്ടാകുന്ന വൈദ്യുതിയിൽപ്പെട്ട് അപകടമരണമുണ്ടാകാറുണ്ട്. ഇതിനൊക്കെ ഒരു നിയന്ത്രണമേർപ്പെടുത്തണം. അശാസ്ത്രീയമായി നടപ്പിലാക്കിയിരിക്കുന്ന മോഡൽ സെക്ഷനുകൾ ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. കൺസ്യൂമേഴ്സിന്റെ എണ്ണമോ പ്രദേശത്തിന്റെ വിസ്തൃതിയോ കണക്കാക്കാതെ സെക്ഷനുകൾ ഉണ്ടാക്കിയിരിക്കുന്നതുമൂലം വർക്ക്ലോഡ് കൂടുതലാണ്. പലപ്പോഴും ഒരു ഓഫീസിൽ 4 ലൈൻമാൻമാർ മാത്രമേയുണ്ടാകാറുള്ളൂ. കൺസ്യൂമേഴ്സിന്റെ എണ്ണം കൂടുതലായിരിക്കും, പ്രദേശത്തിന്റെ

വിസ്തൃതിയും കൂടുതലായിരിക്കും. അതുകൊണ്ട് ഇതിനൊരു പരിഹാരമുണ്ടാക്കുവാൻ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഊർജ്ജവകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ധാരാളം അപകടമരണങ്ങൾ സംഭവിക്കാറുണ്ട്. അത് കുറയ്ക്കാനുള്ള പല പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അതിനുവേണ്ടി ഇലക്ട്രിസിറ്റി ബോർഡിൽ സേഫ്റ്റി കമ്മീഷണറെ നിയമിച്ചിട്ടുണ്ട്. മൂന്ന് സോണിലെയും ചീഫ് എഞ്ചിനീയർമാരുടെ ആഫീസിൽ സുരക്ഷാകാര്യങ്ങൾ നോക്കാനായി ഓരോ എക്സിക്യൂട്ടീവ് എഞ്ചിനീയമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപകടങ്ങൾ കുറയ്ക്കുന്നതിനായി ശാസ്ത്രീയമായ പലകാര്യങ്ങളും ചെയ്യാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. അപകടമരണം സംഭവിച്ചവരുടെ കണക്കുകൾ ഇവിടെ പറഞ്ഞത് ശരിയാണ്. ഇവർക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു ജീവനക്കാരന് അപകടം സംഭവിച്ചുകഴിഞ്ഞാൽ 3,00,997 മുതൽ 9,14,000 രൂപവരെ വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് അനുസരിച്ച് കൊടുക്കുന്നുണ്ട്. അതിനുപുറമേ ജീവനക്കാർക്ക് പ്രത്യേകമായൊരു ഇൻഷുറൻസ് ഏർപ്പെടുത്തി പത്ത് ലക്ഷം രൂപയും ഒരു ക്ഷേമഫണ്ട് ഏർപ്പെടുത്തി അഞ്ചു ലക്ഷം രൂപയും നൽകുന്നു. ഇതിനൊക്കെപുറമെ ജീവനക്കാരൻ മരണപ്പെടുകയാണെങ്കിൽ കുടുംബത്തിലൊരാൾക്ക് ജോലിയും നൽകുന്നുണ്ട്. ഒരു ജീവനക്കാരൻ മരിച്ചാൽ ആശ്രിതർക്ക് 20 ലക്ഷം രൂപയിൽ കൂടുതൽ ഇപ്പോൾ നൽകിവരികയാണ്. 3

ലക്ഷം രൂപയ്ക്ക് താഴെയുള്ള കോൺട്രാക്ടർമാരാണെങ്കിൽ അവർക്ക് വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് പ്രകാരം ഡെപ്യൂട്ടി കമ്മീഷണർ കണക്കാക്കുന്ന സംഖ്യ അനുസരിച്ച് 9,14,000 രൂപവരെ നഷ്ടപരിഹാരം നൽകുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളൊക്കെ പരിശോധിച്ച് അപകടം പരമാവധി കുറയ്ക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

## നിർമ്മാണ പ്രവർത്തനങ്ങളുടെ ഏകോപനം

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, പന്ത്രണ്ട് കോടിയിലധികം രൂപ ചെലവഴിച്ച് നിർമ്മാണം നടക്കുന്ന ഗുരുവായൂർ അഴുക്കുചാൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. വലിയ തോതിൽ ജനപ്രവാഹമുള്ള ഗുരുവായൂർ നഗരത്തിലെ പ്രധാനപ്പെട്ട റോഡുകളൊക്കെ കുഴിച്ചിട്ടിരിക്കുകയാണ്. ഈ ജോലികൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് ഒരു പ്രോജക്ട് കോർഡിനേഷൻ സിസ്റ്റമില്ല എന്നത് വളരെ പ്രധാനപ്പെട്ടൊരു പ്രശ്നമാണ്. ഇതുകാരണം ജനങ്ങൾക്ക് വലിയതോതിലുള്ള അസൗകര്യമുണ്ടാകുന്നു. വൻതോതിലുള്ള പ്രതിഷേധം അവിടെ നിലവിലുണ്ട്. വാട്ടർ അതോറിറ്റി എൻജിനീയർമാരോട് ഇതിനെക്കുറിച്ച് ചോദിച്ചാൽ മറുപടിയില്ല. കോൺട്രാക്ട് എടുത്തിട്ടുള്ള കമ്പനി ആവശ്യത്തിന് ജോലിക്കാരെ വയ്ക്കുന്നില്ല. കിഴക്കേനടയിൽനിന്ന് തെക്കേനടവഴിയുള്ള വാഹനഗതാഗതം തടസ്സപ്പെട്ടിരിക്കുകയാണ്. 100–150 കല്യാണങ്ങൾ ചില ദിവസങ്ങളിൽ അവിടെ ഉണ്ടാകാറുണ്ട്. അപ്പോൾ നൂറുകണക്കിന് വാഹനങ്ങൾ വരികയും ഗതാഗതസ്തംഭനമുണ്ടാവുകയും ചെയ്യുന്നു.

പഞ്ചായത്തുതലത്തിലെ ജോലികൾ ചെയ്യുമ്പോൾ സ്വീകരിക്കുന്ന രീതിയിലുള്ള സമീപനമല്ല ഗുരുവായൂർ പോലുള്ള ഒരു പട്ടണത്തിലെ ഇത്രയും ബൃഹത്തായ പദ്ധതി ചെയ്യുമ്പോൾ ഉണ്ടാകേണ്ടത്. പൊതു മരാമത്തുവകുപ്പ് എൻജിനീയർമാരെയും ജലവിഭവവകുപ്പ് എൻജിനീയർമാരെയും കോ-ഓർഡിനേറ്റ് ചെയ്യാൻ കഴിയുന്ന ഒരു ഉന്നത ഉദ്യോഗസ്ഥനെ ഇതിന്റെ പ്രോജക്ട് ഓഫീസറായി വയ്ക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെ പങ്കെടുത്ത ഒരു യോഗത്തിൽ ഞാൻ പറഞ്ഞതാണ്. പക്ഷേ അത് അംഗീകരിച്ചില്ല. ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഒരു ഏകോപന സംവിധാനം അനിവാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് അടിയന്തരമായി തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഗുരുവായൂർ അഴുക്കുചാൽ പദ്ധതിയുടെ ഭാഗമായി പമ്പ് ഹൗസുകളുടേയും കളക്ഷൻ പൈപ്പുകളുടേയും പമ്പിംഗ് ലൈനുകളുടേയും ജോലികൾ 1977-ൽ പൂർത്തിയാക്കിയിരുന്നു. എന്നാൽ ഈ ലൈനുകൾ ഉപയോഗശൂന്യമായതിനാൽ പുതിയ പി.വി.സി. പൈപ്പ് ഉപയോഗിച്ച് കളക്ഷൻ നെറ്റ്‌വർക്ക് പൈപ്പ് ലൈനിന്റെ പ്രവൃത്തികൾ 4.08.2011-ൽ ആരംഭിച്ചു. ആകെ 8395 മീറ്റർ പൈപ്പാണ് സ്ഥാപിക്കേണ്ടിയിരുന്നത്. എന്നാൽ 1045 മീറ്റർ പൈപ്പ് ആവശ്യമില്ലായെന്ന് കണ്ടെത്തിയതിനാൽ ഒഴിവാക്കിയിരുന്നു. ബാക്കി 7350 മീറ്റർ പൈപ്പ് ലൈനാണ് സ്ഥാപിക്കേണ്ടത്. ഇതുവരെ 5100 മീറ്റർ പൈപ്പ് സ്ഥാപിക്കുകയും ബാക്കി 2250 മീറ്റർ പൈപ്പ് സ്ഥാപിക്കേണ്ട പ്രവൃത്തികൾ

നടന്നുവരികയുമാണ്. പവർ കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വെള്ളക്കെട്ടുകളുള്ള പ്രദേശമായതിനാലും റോഡു കളുടെ വീതിക്കുറവും ധാരാളം ഭക്തന്മാർ ദിനംപ്രതി ഗുരുവായൂർ സന്ദർശന ത്തിന് എത്തുന്നതും പണികളുടെ പുരോഗതിക്ക് തടസ്സമാകാറുണ്ട്. കൂടാതെ ഏകാദശി ഉത്സവം, ശബരിമല തീർത്ഥാടനം മുതലായ അവസരങ്ങളിലും പൈപ്പ് ലൈൻ ഇടുന്ന പണികൾക്ക് തടസ്സം നേരിടാറുണ്ട്. റോഡ് റീടാർ ചെയ്യുന്നതിനുള്ള തുക ഗുരുവായൂർ ദേവസ്വം ബോർഡ്, മുനിസിപ്പാലിറ്റി, പി.ഡബ്ള്യൂ.ഡി എന്നിവയ്ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടാണ് നിർമ്മാണ പ്രവർത്തനം നടത്തുന്നത്. നിർമ്മാണപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന തിനുവേണ്ടി ഒരു പ്രോജക്ട് ഓഫീസറെ വയ്ക്കുന്നതുകൊണ്ടുമാത്രം ഈ പ്രശ്നം തീരുമെന്ന് തോന്നുന്നില്ല. ഏതായാലും ഇതുസംബന്ധിച്ച് ഇടക്കിടയ്ക്ക് റിവ്യൂ മീറ്റിംഗ് നടത്താറുണ്ട്. അടുത്ത റിവ്യൂ മീറ്റിംഗിൽ ഇതിനെപ്പറ്റി വിശദമായി സംസാരിക്കാം.

## താലൂക്ക് ആശുപത്രികളായി ഉയർത്തൽ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി ഉയർത്തണമെന്ന ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. കൊണ്ടോട്ടി പുതിയ താലൂക്കായി പ്രഖ്യാപിച്ചിട്ട് ഒരുവർഷം കഴിഞ്ഞു. പക്ഷേ കോഴിക്കോട്, മലപ്പുറം നഗരങ്ങളുടെ മധ്യത്തിൽ, കോഴിക്കോട് വിമാനത്താവളം, ഹജ്ജ് ഹൗസ് എന്നിവയുടെ തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ ഇതുവരെ താലൂക്ക് ആശുപത്രിയായി ഉയർത്തി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. താലൂക്ക് കേന്ദ്രങ്ങളിലല്ലാത്ത പല ആരോഗ്യ

കേന്ദ്രങ്ങളേയും താലൂക്ക് ആശുപത്രി നിലവാരത്തിലേയ്ക്ക് ഉയർത്തിയെങ്കിലും വളരെ പ്രധാനപ്പെട്ടതും താലൂക്ക് ആസ്ഥാനത്തുള്ളതുമായ കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്താത്തത് ഖേദകരമാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലും മലപ്പുറത്തുനടന്ന ആരോഗ്യവകുപ്പ് അദാലത്തിലും താലൂക്ക് ആശുപത്രിയായി ഉയർത്തുമെന്ന് ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി പ്രഖ്യാപിച്ചതാണ്. ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

## താലൂക്ക് ആശുപത്രികളായി ഉയർത്തൽ

ആരോഗ്യവും കുടുംബക്ഷേമവും, ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഈ സാമൂഹ്യാരോഗ്യകേന്ദ്രം 26.5.2014-ലെ സർക്കാർ ഉത്തരവ് പ്രകാരം സ്പെഷ്യലിസ്റ്റുകളുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് തെരഞ്ഞെടുത്ത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ 29 കിടക്കകൾ അനുവദിച്ചിട്ടുള്ള ഈ ആരോഗ്യകേന്ദ്രത്തിലെ ശരാശരി പ്രതിദിന ഒ.പി. 500-ഉം ഐ.പി. 20-ഉം ആണ്. കോഴിക്കോട് വിമാനത്താവളം, കരിപ്പൂർ ഹജ്ജ് ഹൗസ് എന്നിവയുടെ സമീപം സ്ഥിതിചെയ്യുന്ന സി.എച്ച്.സി. ആയതിനാൽ വി.ഐ.പി. സന്ദർശന വേളയിലും ഹജ്ജ് ക്യാമ്പ് വേളയിലും മെഡിക്കൽ/പബ്ലിക് ഹെൽത്ത് ജീവനക്കാരെ നിയമിക്കേണ്ടിവരുന്നത് ഇവിടെ നിന്നാണ്. നിലവിൽ വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ള രോഗികളെ മലപ്പുറം

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, മഞ്ചേരി ജനറൽ ആശുപത്രി, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലേയ്ക്കാണ് റഫർ ചെയ്യുന്നത്. 29 കിടക്കകളുള്ള കെട്ടിട സൗകര്യമാണ് ഈ ആരോഗ്യ കേന്ദ്രത്തിനുള്ളത്. താലൂക്ക് ആശുപത്രിക്ക് മിനിമം വേണ്ട 100 കിടക്കകൾ ഒരുക്കുന്നതിന് നിലവിലുള്ള കെട്ടിട സൗകര്യങ്ങൾ പര്യാപ്തമല്ല. കൂടാതെ താലൂക്ക് ആശുപത്രിക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുകയും അധികമായി തസ്തികകൾ സൃഷ്ടിക്കുകയും ചെയ്യേണ്ടതുണ്ട്. കൊണ്ടോട്ടി സി.എച്ച്.സി-യിൽ സിവിൽ സർജൻമാരുടെ 3 തസ്തികകളും അസിസ്റ്റന്റ് സർജ്ജൻമാരുടെ 3 തസ്തികകളുമുൾപ്പെടെ 69 തസ്തികകൾ നിലവിലുണ്ട്. സി.എച്ച്.സി. തലത്തിലുള്ള സ്റ്റാഫ് പാറ്റേണാണ് അവിടെയുള്ളത്. ഈ സി.എച്ച്.സി-യെ താലൂക്ക് ആശുപത്രിയായി ഉയർത്തി തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയതിനു ശേഷം സർക്കാർ പരിശോധിക്കുന്നതാണ്.

## പാലങ്ങൾ നിർമ്മിക്കാൻ നടപടി

ശ്രീമതി കെ. കെ. ലതിക: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ച എന്റെ മണ്ഡലത്തിലെ അഴീക്കൽ കടവ്, പെരിഞ്ചേരി ക്കടവ് പാലങ്ങളുടെ നിർമ്മാണപ്രവൃത്തി നാളിതുവരെയും തുടങ്ങിയിട്ടില്ല. നാഷണൽ ഹൈവേയിൽ കൊയിലാണ്ടിക്കും വടകരയ്ക്കുമിടക്ക് എന്തെങ്കിലും തടസ്സം നേരിട്ടാൽ ബൈപ്പാസായി ഉപയോഗിക്കാൻ കഴിയുന്ന പ്രധാനപ്പെട്ട റോഡുകളേയും പ്രദേശങ്ങളേയും ബന്ധിപ്പിക്കുന്ന പാലങ്ങളാണിവ. ആയതിനാൽ അഴീക്കൽകടവ്, പെരിഞ്ചേരിക്കടവ് പാലങ്ങൾ

നിർമ്മിക്കുന്നതിനുള്ള സാങ്കേതികാനുമതി ഉടൻ ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്): സർ, 14.8.2009-ലെ പൊതുമരാമത്തുവകുപ്പ് ഉത്തരവ് പ്രകാരം അഴീക്കൽ കടവ് പാലത്തിന്റെ സ്ഥലമെടുപ്പിനും ഇൻവെസ്റ്റിഗേഷനുമായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കിവരുന്നു. പ്രസ്തുത പ്രവൃത്തിയുടെ സ്ഥലമെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് പാലംപണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പെരിഞ്ചേരിക്കടവ് പാലത്തിനും സ്ഥലമെടുപ്പിനായി 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ, ഇപ്പോൾ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് അതേ സ്ഥലത്ത് റഗുലേറ്റർ കം ബ്രിഡ്ജിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തികരിക്കുകയും പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ പൊതുമരാമത്ത് വകുപ്പ് പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനുള്ള തുടർനടപടികൾ നിർത്തിവച്ചിരിക്കുകയാണ്.

## പുതിയ പാലം

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, എന്റെ മണ്ഡലത്തിൽപ്പെട്ട എലത്തൂരിലെ കോരപ്പുഴയ്ക്ക് കുറുകെയുള്ള പാലം പുതുക്കിപ്പണിയേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഒന്നിലധികം തവണ ഈ സഭയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും

ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. 3 വർഷമായിട്ടും ആ കാര്യത്തിൽ അനുകൂലമായ ഒരു തീരുമാനവുമില്ലാതെ വന്നതുകൊണ്ടാണ് ഈ പ്രശ്നം വീണ്ടും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. 1938–ൽ പണിത ആ പാലം ഇപ്പോൾ വാഹനങ്ങളുടെ ഭാരം താങ്ങാനാകാതെ വളരെ അപകടാവസ്ഥയി ലാണ്. ഇക്കാര്യം പലതവണ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഗതാഗതക്കുരുക്കുമൂലം മണിക്കൂറുകളോളം ആ റോഡിൽ ഗതാഗതസ്തംഭന മുണ്ടാവുകവും ചെയ്യുന്നുണ്ട്. ഇനിയെങ്കിലും ഗവൺമെന്റിന്റെ കണ്ണ് തുറക്കണമെന്നും അവിടെ ഒരു പുതിയ പാലം പണിയാൻ ആവശ്യമായ അക്വിസിഷൻ ഉൾപ്പെടെയുള്ള നടപടികൾ അടിയന്തരമായി ആരംഭിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്): സർ, കോഴിക്കോട് വെങ്ങളത്തിനും മേൽപ്പത്തൂരിനും ഇടയിലായി സ്ഥിതിചെയ്യുന്ന കോരപ്പുഴ പാലം 1938 കാലഘട്ടത്തിൽ നിർമ്മിച്ചതാണ്. റീഹാബിലിറ്റേഷൻ വർക്കുകൾ ചെയ്ത് പാലം വാഹനഗതാഗതയോഗ്യമാക്കിയിരിക്കുകയാണെ ങ്കിലും പാലത്തിന്റെ പഴക്കവും വീതിക്കുറവും കാരണം പാലം പുതുക്കിപ്പണിയണമെന്ന ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടേയും ആവശ്യം പരിഗണിച്ച് പുതിയ പാലം നിർമ്മിക്കുന്നതിന് ആവശ്യമായ സാധ്യതാപഠനം നടത്തുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ നിലവിലുള്ള പാലത്തിന്റെ 41.2 മീറ്റർ പടിഞ്ഞാറ് ഭാഗത്തുകൂടി പുതിയ പാലം നിർമ്മിക്കു ന്നതിനുള്ള ഒരു രൂപരേഖ അംഗീകരിച്ചിട്ടുണ്ട്. ഏഴര മീറ്റർ വീതിയിൽ ഇരുവശങ്ങളിലും നടപ്പാതയോടുകൂടിയ പാലമാണ് പുതുതായി നിർമ്മിക്കാ

നുദ്ദേശിക്കുന്നത്. ഇതിന്റെ അപ്രോച്ച് റോഡിനായി ഏകദേശം ഒരു കിലോ മീറ്റർ നീളത്തിലും 30 മീറ്റർ വീതിയിലും സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. അതിനായി ഏകദേശം 13.5 കോടി രൂപയും പാലം നിർമ്മാണത്തിനായി 35 കോടി രൂപയും ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പാലത്തിന്റെ രൂപരേഖ നിലവിലുള്ള ദേശീയ പാതയുടെ അലൈൻമെന്റിൽ ഉൾപ്പെട്ടതായതുകൊണ്ട് കേന്ദ്ര ഉപരിതലഗതാഗത മന്ത്രാലയത്തിന്റെ അനുമതിയും ലഭിക്കേണ്ടതുണ്ട്. നിർമ്മാണത്തിന് ആവശ്യമായ തുക കേന്ദ്രമന്ത്രാലയത്തിന്റെ 2014–15–ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ശുപാർശ സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്.

## ആർ.ഐ.ഡി.എഫ്.–ൽ ഉൾപ്പെടുത്തൽ

ശ്രീ. രാജു എബ്രഹാം: സർ, സീസൺ സമയങ്ങളിൽ പല ദിവസങ്ങളിലും 8 മണിക്കൂർ മുതൽ 12 മണിക്കൂർ വരെ മണ്ണാറകുഴഞ്ഞി പമ്പ റോഡ് ബ്ലോക്ക് ആകുകയാണ്. കൊടും വനത്തിൽ തീർത്ഥാടകർ ആഹാരവും കുടിവെള്ളവും ലഭിക്കാതെ നരകിക്കുന്ന ഈ പശ്ചാത്തലത്തിൽ, കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രി അദ്ദേഹത്തിന്റെ ചെംമ്പറിൽ ഒരു ഉന്നതതല യോഗം കൂടുകയും ഒരു പാരലൽ റോഡ് ഡെവലപ്പ് ചെയ്യണം എന്നുള്ള തീരുമാനം എടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചീനിയർ ചുമതലപ്പെടുത്തിയ 'റൂബി ടെക്ക്' എന്ന കമ്പനി അലൈൻമെന്റ് നിശ്ചയിക്കുകയും ചെയ്തു. ആർ.ഐ.ഡി.എ

ഫ്.-19-ൽ ഉൾപ്പെടുത്താനാണ് അന്ന് ധാരണയുണ്ടായതെങ്കിലും ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. ആർ.ഐ.ഡി.എഫ്.-20-ൽ എങ്കിലും ഈ റോഡ് ഉൾപ്പെടുത്തി പാരലൽ റോഡായി വികസിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്)</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അഭ്യർത്ഥന മാനിച്ച് 32.58 കിലോമീറ്റർ ദൂരം വരുന്ന റാന്നി അങ്ങാടി ഇട്ടിയപ്പാറയിൽ നിന്നും തുടങ്ങുന്ന അറുവച്ചാൻ കുഴി ഐത്തല പാരലൽ റോഡിന്റെ നിർമ്മാണം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. നബാർഡ് സ്കീമിൽ റോഡ് നിർമ്മിക്കുന്നതിന് 8 മീറ്റർ വീതി ആവശ്യമാണ്. എന്നാൽ നിർദ്ദിഷ്ട റോഡിൽ പലയിടത്തും ഈ വീതി ലഭ്യമല്ല. റോഡ് നിർമ്മാണത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുക നബാർഡ് നൽകാറില്ല. ആയതിനാൽ നിർദ്ദിഷ്ട റോഡിന് 8 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് ആർ.ഐ.ഡി.എഫ്.-20-ൽ ഉൾപ്പെടുത്തി അറുവച്ചാൻകുഴി ഐത്തല പാരലൽ റോഡിന്റെ നിർമ്മാണം ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## <u>കോട്ടയം കോടിമത പാതയുടെ നിർമ്മാണം</u>

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ചേർത്തല കോട്ടയം കോടിമത പാത വളരെ വർഷങ്ങൾക്കുമുൻപ് ഗവൺമെന്റ് പ്രഖ്യാപിച്ചതാണ്. ഈ ടൂറിസ്റ്റ് ഹൈവേ നടപ്പിലാകും എന്ന പ്രതീക്ഷയിലാണ് ജനങ്ങൾ കഴിഞ്ഞുകൂടുന്നത്. ഇതിനുവേണ്ടി സ്ഥലം നൽകാൻ ആളുകൾ തയ്യാറാണ്. ആ സ്ഥലത്തിന്റെ

അതിരുകൾ നിശ്ചയിച്ച് കല്ലിട്ട് അലൈൻമെന്റ് ഫിക്സേഷൻ എല്ലാം കഴിഞ്ഞിട്ടും യാതൊരു വിധ നടപടികളും മുന്നോട്ട് പോയിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങളോ സ്ഥലം കൈമാറ്റം ചെയ്യുന്നതോ ആയ അടിയന്തര പ്രശ്നങ്ങൾ വരുമ്പോൾ ഈ പ്രദേശത്തെ ആളുകൾ വല്ലാതെ പ്രയാസപ്പെടുകയാണ്. റോഡ് വരുന്നുമില്ല അവർക്ക് സ്ഥലം കൈമാറ്റം ചെയ്യാൻ കഴിയുന്നുമില്ല. വീട് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തികൾ ഏറ്റെടുക്കാനും കഴിയുന്നില്ല. അങ്ങനെ വലിയ പ്രതിസന്ധിയാണ് അവിടുത്തെ ജനങ്ങൾക്കുണ്ടായത്. ഈ ഗവൺമെന്റ് വന്നതിനുശേഷം മന്ത്രി തന്നെ ഒരു മീറ്റിംഗ് വിളിച്ചു കൂട്ടുകയും അലൈൻമെന്റ് ഫിക്സേഷനുമൊക്കെ ചെയ്തിട്ടും യാതൊരു നടപടിയുമായി മുന്നോട്ട് പോകാത്ത സാഹചര്യമാണ് ഉള്ളത്. അടിയന്തരമായി ഈ പാതയുടെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് നടപടികൾ ആരംഭിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

<u>പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്)</u>: സർ, കുട്ടനാടിന്റെ സമഗ്ര വികസനത്തിന് വിനോദ സഞ്ചാര കേന്ദ്രമായ കുമരകത്തിന്റെ ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനുതകുന്ന ഒരു ടൂറിസ്റ്റ് ഹൈവേ നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതിലേയ്ക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ കേരള റോഡ് ഫണ്ട് ബോർഡ് ചുമതലപ്പെടുത്തിയ എൽ ആന്റ് ടി റാംബോർഡ് നിർദ്ദിഷ്ട ടൂറിസ്റ്റ് ഹൈവേയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. കോട്ടയം മുതൽ ചേർത്തല വരെയുള്ള ടൂറിസ്റ്റ് ഹൈവേ രണ്ട് ഘട്ടങ്ങളിലായി നിർമ്മിക്കാനാണ് കൺസൾട്ടന്റ് ശിപാർശ ചെയ്തിട്ടുള്ളത്. കോട്ട

യത്ത് കോടിമത മുതൽ വെച്ചൂർ വരെ 19.514 കിലോമീറ്റർ വരെ ഒന്നാം ഘട്ടവും വെച്ചൂർ മുതൽ ചേർത്തല എക്സറേ ജംഗ്ഷൻ വരെയുള്ള 9.372 കിലോ മീറ്റർ രണ്ടാം ഘട്ടവുമായിട്ടാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ കോടിമത മുതൽ വെച്ചൂർ വരെയുള്ള ഒന്നാം ഘട്ടത്തിന്റെ ഒട്ടുമിക്ക ദൂരവും ഗ്രീൻ ഫീൽഡ് അലൈൻമെന്റാണ്. വെച്ചൂർ മുതൽ മുഹമ്മ ജംഗ്ഷൻ വരെയുള്ള ഏകദേശം 3.4 കിലോമീറ്റർ നിലവിലുള്ള റോഡ് ഉപ യോഗപ്പെടുത്തിയും ബാക്കി പുതുതായി സ്ഥലം ഏറ്റെടുത്ത് വികസിപ്പി ക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ബാക്കി 45 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെ ടുത്ത് നാലുവരി പാത നിർമ്മിക്കുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്യു ന്നത്. ബി.ഒ.റ്റി. ആന്യൂറ്റി വ്യവസ്ഥയിൽ 15 വർഷത്തെ പരിപാലനം ഉൾപ്പെടെ പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കാം എന്നാണ് കൺസൾട്ടന്റ് ശിപാർശ ചെയ്തിട്ടുള്ളത്. സാമ്പത്തിക ഭാരം കുറയ്ക്കാൻ പ്രസ്തുത റോഡിൽ സർക്കാർ ടോൾ പിരിക്കുന്നതിനും കൺസൾട്ടന്റ് ശിപാർശ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ റോഡിന്റെ ഇരു വശങ്ങളിലും തെര ഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കി ധനസമാഹ രണം നടത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 801.10 കോടി രൂപയും രണ്ടാം ഘട്ടത്തിൽ 397.55 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ ഒന്നാം ഘട്ട ത്തിനുള്ള ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

## ആദിവാസി മേഖലയിലെ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഏറ്റവും ഗുരുതരമായിട്ടുള്ള പ്രശ്നം ഗവൺമെന്റിന്റെയും മന്ത്രിയുടേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടി യാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കേരളത്തിന്റെ ജനസം ഖ്യയിൽ ഒരു ശതമാനത്തോളം വരുന്ന ആദിവാസി സമൂഹം അതീവ ഗുരുത രമായ അവസ്ഥയിലൂടെ കടന്ന് പോകുകയാണ്. നമ്മുടെ സംസ്ഥാനത്ത് പോഷകാഹാര കുറവുമൂലം ആയിരത്തിലധികം ആദിവാസി കുട്ടികൾ ജീവൻ നിലനിർത്താൻ പ്രയാസപ്പെടുന്നുവെന്നാണ് പത്ര മാധ്യമങ്ങളെല്ലാം റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് നാലായിരത്തി ലധികം ആദിവാസി കുട്ടികൾ പോഷകാഹാരക്കുറവുകൊണ്ട് പ്രയാസം അനുഭവിക്കുന്നുവെന്നാണ് അടുത്ത കാലത്ത് ആരോഗ്യവകുപ്പ് നടത്തിയ സർവ്വേയിൽ പറയുന്നത്. അതിൽ ഏകദേശം 497 കുട്ടികളുടെ സ്ഥിതി അതീവ ഗുരുതരമാണെന്നാണ് സൂചിപ്പിക്കുന്നത്. കഴിഞ്ഞ മൂന്ന് വർഷങ്ങ ളായി നമ്മുടെ ആദിവാസി മേഖലയിൽ പോഷകാഹാരക്കുറവുകൊണ്ട് കുഞ്ഞുങ്ങളും അമ്മമാരും മരിച്ചുകൊണ്ടിരിക്കുകയാണ്. അതിനെത്തു ടർന്നാണ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ പല പദ്ധതികളും പ്രഖ്യാപി ച്ചത്. ആ പദ്ധതി പ്രഖ്യാപിച്ച് പ്രത്യേക പാക്കേജായി 500 കോടി രൂപയു ടെയും പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. അങ്ങനെ പ്രഖ്യാപിച്ച പദ്ധതിക ളെല്ലാം തന്നെ കടലാസ്സിൽ ഒതുങ്ങിയെന്നതാണ് ഇന്ന് കാണാൻ കഴിയുന്ന പ്രത്യേകത. രണ്ടാഴ്ചയ്ക്കുള്ളിൽ എൻ.ആർ.എച്ച്.എം. നടത്തിയ ഒരു പഠന റിപ്പോർട്ട് പുറത്തുവരികയുണ്ടായി. എല്ലാ മാധ്യമങ്ങളും അത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഗളി, ഷോളയൂർ, പുത്തൂർ പഞ്ചായത്തുകളിൽ 4841 കുട്ടിക ളിൽ പരിശോധന നടത്തി കഴിഞ്ഞപ്പോൾ 572 കുട്ടികൾ അതി ഗുരുതരമായ

ആരോഗ്യപ്രശ്നം നേരിടുകയാണെന്നാണ് ആ സർവ്വേയിൽ പറയുന്നത്. അതിൽ 127 കുട്ടികളുടെ സ്ഥിതി അതിദയനീയമാണ്. വയനാട്ടിലേയും സ്ഥിതി വ്യത്യസ്തമല്ലായെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വയനാട്ടി ലേയ്ക്ക് അനുവദിച്ച സംഖ്യയൊന്നും ചെലവഴിക്കാൻ കഴിയാതെ ദുരുപ യോഗം ചെയ്തിരിക്കുന്നുവെന്ന് സി. & എ. ജി. നടത്തിയ പഠന റിപ്പോർട്ടിൽ പറയുകയുണ്ടായി. കേരളത്തിൽ ആദിവാസി മേഖലയിൽ ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. അതിന് പരിഹാരം കാണാൻ വേണ്ടി പല പദ്ധ തികളും പ്രഖ്യാപിച്ചെങ്കിലും ഒന്നും തന്നെ ഫലപ്രദമായി നടപ്പിലാക്കാൻ കഴി യുന്നില്ല. അതിൽ ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റെയും ആരോഗ്യ വകു പ്പിന്റെയും വീഴ്ചയുണ്ട്. സാമൂഹ്യക്ഷേമ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധ തികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാത്തതിന്റെ കുഴപ്പവുമുണ്ട്. കേര ളത്തിലെ ആകെ ജനസംഖ്യയിൽ ഒരു ശതമാനത്തിലധികം വരുന്ന ആദി വാസി സമൂഹത്തിന്റെ ക്ഷേമം ഉറപ്പാക്കാൻ കഴിയാതെ പോകുന്നു എന്നുള്ള താണ് ഇതിന് കാരണമായി കാണുന്നത്. അതിന് പരിഹാരം കാണാൻ ക്രിയാ ത്മകമായി എന്തെങ്കിലും ചെയ്യാൻ ഈ ഗവൺമെന്റ് തയ്യാറാണോ എന്നുള്ള കാര്യം സംശയമാണ്. പട്ടിക വർഗ്ഗ വികസനവകുപ്പിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടിയാണ് ആ ഡിപ്പാർട്ടുമെന്റ് പ്രവർത്തിക്കേണ്ടത്. ആദിവാസികളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കേണ്ട ആ ഡിപ്പാർട്ടു മെന്റിൽ ഒരു ഡയറക്ടർ പോലുമില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അടുത്ത ദിവസം സബ്ജക്ട് കമ്മിറ്റിയുടെ മീറ്റിംഗ് കൂടുകയുണ്ടായി. ആ സബ്ജക്ട് കമ്മിറ്റിയുടെ മീറ്റിംഗിൽ ട്രൈബൽ ഡയറക്ടർ ഉണ്ടോയെന്ന് ചോദിച്ചപ്പോൾ ഡയറക്ടറില്ല, സെക്രട്ടറിയില്ല. നാഥനില്ലാത്ത ഒരു അവസ്ഥ

ട്രൈബൽ ഡിപ്പാർട്ടുമെന്റിന് വന്നിരിക്കുകയാണ്. ഞാൻ മന്ത്രിയെ കുറ്റപ്പെടുത്താൻ വേണ്ടി പറയുന്നതല്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ പരിമിതി എന്താണെന്ന് മനസ്സിലാക്കി കൊണ്ടുതന്നെയാണ് പറയുന്നത്. പക്ഷെ ഈ മേഖല ഗുരുതരമായ ഒരവസ്ഥയാണ് നേരിടുന്നത്. ആദിവാസികൾ തന്നെ വംശനാശം നേരിടുന്ന ഒരു സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. യഥാർത്ഥത്തിൽ സഭ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ഒരു വിഷയമാണിത്. കേരളത്തിലെ ആദിവാസി ജനസമൂഹം ഇന്ന് നേരിടുന്ന അതീവ ഗുരുതരമായിട്ടുള്ള പ്രതിസന്ധി ചർച്ച ചെയ്യാൻ തയ്യാറാകണം. ആരോഗ്യവകുപ്പും അതുപോലെ തന്നെ ട്രൈബൽ ഡിപ്പാർട്ടുമെന്റും ഉണർന്ന് പ്രവർത്തിക്കേണ്ട സന്ദർഭമാണ്. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപ്പെട്ടതാണ്. അതുകൊണ്ടാണ് 500 കോടി രൂപയുടെ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചത്. പോഷകാഹാരം കൊടുക്കുന്നതിനുവേണ്ടി പ്രത്യേകം അടുക്കളകൾ ഉണ്ടാക്കണമെന്ന് തീരുമാനിച്ചു. ഇപ്പോൾ അടുക്കള മാത്രമെ ഉണ്ടാക്കിയിട്ടുള്ളൂ. അവിടെ ഭക്ഷണം കൊടുക്കാനുള്ള സംവിധാനമില്ല. പൊതുവേ ഗുരുതരമായിട്ടുള്ള സ്ഥിതിയിലേയ്ക്ക് നമ്മുടെ ആദിവാസി സമൂഹം മാറുകയാണ്. എത്രയും പെട്ടെന്ന് ആ മേഖലയിൽ ഇടപെടാൻ എന്തെങ്കിലും ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്മിഷനിൽ ചോദ്യമില്ല. ബഹുമാനപ്പെട്ട ചീഫ് വിപ്പിന് അറിയാമല്ലോ? ഇപ്പോൾ തന്നെ നാലര മിനിട്ടായി. ഒരു മുൻ സ്പീക്കറായതുകൊണ്ടാണ് ചെയർ വെറുതേ ഇരിക്കുന്നത്.

ശ്രീ. കെ. രാധാകൃഷ്ണൻ: മുൻ സ്പീക്കർ എന്ന പരിഗണന വേണ്ട. ഈ വിഷയം, ഏറ്റവും ഗുരുതരമായിട്ടുള്ള അവസ്ഥയാണ്. ഒരു സംയുക്ത അസംബ്ലി കമ്മിറ്റി തന്നെ ഈ മേഖല സന്ദർശിക്കേണ്ട സന്ദർഭം കഴിഞ്ഞിരി

ക്കുകയാണ്. എൻ.ആർ.എച്ച്.എം.- ന്റെ റിപ്പോർട്ടുണ്ട്. എത്രയും പെട്ടെന്ന് ഈ വിഷയത്തിൽ ഇടപെട്ടുകൊണ്ട് ആദിവാസികളെ സംരക്ഷിക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിന് പ്രത്യേകിച്ച് മുഖ്യമന്ത്രിയടക്കം ആരോഗ്യ വകുപ്പുമന്ത്രിയും പട്ടികവർഗ്ഗവികസന വകുപ്പുമന്ത്രിയും ശ്രദ്ധിക്കണം എന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി.കെ. ജയലക്ഷ്മി): സർ, കേരളത്തിലെ പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന മേഖലയിൽ പോഷകാഹാരക്കുറവുമൂലം വ്യാപകമായി കുട്ടികൾ ദുരിതമനുഭവിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിൽ 2013 ഏപ്രിൽ മുതലാണ് പോഷകാഹാരക്കുറവുമൂലം ശിശുമരണം സംഭവിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടത്. ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുമന്ത്രിമാരുടേയും യോഗം വിളിച്ചുചേർത്ത് മനുഷ്യസഹജമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. ശിശുമരണവുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികൾ നടത്തിയ പഠന റിപ്പോട്ടുകൾ പ്രകാരം പോഷകാഹാരക്കുറവുകൊണ്ടുമാത്രമല്ല ശിശുമരണങ്ങൾ സംഭവിക്കുന്നത്, ജനിതക വൈകല്യങ്ങളും മാസം തികയാതെയുള്ള പ്രസവങ്ങളും, കുഞ്ഞുങ്ങളുടെ തൂക്കക്കുറവും മരണങ്ങൾക്ക് കാരണമാകുന്നു. യഥാസമയം ആശുപത്രിയിൽ എത്തി ചികിത്സ തേടുന്നതിനുള്ള വിമുഖതയും മരണകാരണമാകുന്നുവെന്ന് മനസ്സിലാക്കുന്നു. അട്ടപ്പാടിയിൽ നിന്നും ഏറ്റവും അവസാന

മായി ലഭിച്ച സ്ഥിതിവിവരക്കണക്കനുസരിച്ച് 4193 കുട്ടികളിൽ 111 കുട്ടി കൾക്കാണ് കടുത്ത പോഷകാഹാരക്കുറവ് കണ്ടെത്തിയത്. അവരിൽ 62 പേരും പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കുട്ടികളാണ്. മോഡറേറ്റ് പോഷകാഹാര ക്കുറവുള്ള 439 കുട്ടികളിൽ പട്ടികവർഗ്ഗക്കാരായ 214 പേർക്കാണ് പോഷകാ ഹാരക്കുറവ് കണ്ടെത്തിയത്. കുട്ടികൾക്ക് അഗളിയിലെ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലും കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലും പുതൂർ–ഷോളയൂർ എന്നിവിടങ്ങളിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല. ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകളിൽ പ്രത്യേക പരി ശീലനം നൽകിവരുന്നു. പ്രത്യേകം തയ്യാറാക്കിയ ജാതക് സോഫ്റ്റ്വെയർ മുഖേന കുട്ടികളുടെ പോഷണനിലവാരം വിലയിരുത്തുന്നുണ്ട്. സാമൂഹ്യ നീതി വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും സഹകരണത്തോടെ പ്രത്യേക പോഷണം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, വിവിധ വകുപ്പുകൾ സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് അവിടെ നടത്തിയിട്ടുള്ളത്. ആരോഗ്യവകുപ്പിന്റെ ആഭിമു ഖ്യത്തിൽ അട്ടപ്പാടിക്കുവേണ്ടി ഒരു ആരോഗ്യ പാക്കേജുതന്നെ പ്രഖ്യാപിച്ചു. കേന്ദ്രഗവൺമെന്റിൽ നിന്നും 11 കോടി രൂപ സഹായം അഭ്യർത്ഥിക്കുകയും അത് ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. അവിടെ ന്യൂട്രീഷ്യൻ റീഹാബിലിറ്റേ ഷൻ സെന്ററുകൾ തുടങ്ങി. അമ്മമാരെ സ്ക്രീനിംഗ് നടത്തി. അതിൽനിന്നും 650 ഓളം പോഷകാഹാരക്കുറവുള്ള അമ്മമാരെ കണ്ടെത്തി, അവർക്ക് പോഷ

കാഹാരം കൊടുക്കുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചു. അവിടെ പീഡിയാട്രീഷ്യനേയും ഗൈനക്കോളജിസ്റ്റിനേയും പോസ്റ്റ് ചെയ്തു. ആരോഗ്യവകുപ്പ് ഏറ്റെടുത്തിട്ടുള്ള എല്ലാ പദ്ധതികളും ഓരോ മാസവും അവലോകനം ചെയ്യുന്നു. ബഹുമാന്യനായ മുൻസ്പീക്കർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ, ആരോഗ്യവകുപ്പിനെക്കൊണ്ട് ചെയ്യാൻ കഴിയുന്ന മുഴുവൻ കാര്യങ്ങളും സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും.

## ഇറാക്കിലെ മലയാളികളുടെ പ്രശ്നങ്ങൾ

ശ്രീ. അൻവർ സാദത്ത്: സർ, ആഭ്യന്തര വംശീയ പോരാട്ടം മൂലവും ഭീകര സംഘടനയായ ഐ.എസ്.ഐ.എസ്. – ന്റെ ആക്രമണം മൂലവും തകർച്ചയിലായ ഇറാക്കിൽ വളരെയധികം മലയാളികൾ ജോലിചെയ്യുന്നുണ്ട്. ഇവരിൽ പലരും രക്ഷപ്പെടാൻ വേണ്ടി പാലായനം ചെയ്യുന്നതായി വാർത്തകളുണ്ട്. നിലവിൽ ഇന്ത്യക്കാരുടെ മടക്കം സാദ്ധ്യമല്ലായെന്ന വാർത്തകളും കാണാൻ സാധിക്കുന്നു. ഇന്ത്യക്കാരായ നഴ്സുമാരെ റെഡ്ക്രോസ് സംഘം സന്ദർശിച്ചതായും വാർത്തകളുണ്ട്. ഏഷ്യാനെറ്റിൽ ഒരു നഴ്സുമായി ഫോണിലൂടെയുള്ള അഭിമുഖത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത് ഇവർക്ക് ശമ്പളം കിട്ടിയിട്ട് മൂന്നുമാസമായി, തിരിച്ചുവരുന്നതിന് വിമാനടിക്കറ്റെടുക്കാൻ പോലും പൈസയില്ലാത്ത ഒരു സാഹചര്യമാണെന്നാണ്. ഇവർക്ക് തിരിച്ചുവരുന്നതിന് ഗവൺമെന്റ് ടിക്കറ്റ് ചാർജ് കൊടുക്കുമോ എന്ന് ഈ അവസരത്തിൽ ഗവൺമെന്റിനോട് ചോദിക്കുകയാണ്. ഇറാക്കിലുള്ള മല

യാളികളെക്കുറിച്ച് ഇവിടെയുള്ള അവരുടെ ബന്ധുക്കൾക്ക് വിവരങ്ങൾ അറിയുവാൻ ഒരു ഹെൽപ്പ്ലൈൻ  സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇറാക്കിലെ ദുരന്തഭൂമിയിൽ അകപ്പെട്ടിരിക്കുന്ന എല്ലാ മലയാളികളേയും അടിയന്തരമായി രക്ഷപ്പെടുത്തി ഇന്ത്യയിലെത്തിക്കുവാൻ വേണ്ട നടപടി സ്വീകരിക്കാൻ ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ,  വളരെ ഗൗരവമായ കാര്യമാണ് മെമ്പർ ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ആഭ്യന്തര വംശീയ പോരാട്ടവും ഭീകര സംഘടനകളുടെ ആക്രമണവും മൂലം തകർച്ചയിലായിരിക്കുന്ന ഇറാക്കിൽ ജോലിചെയ്യുന്ന കേരളീയരെ നാട്ടിലെത്തിക്കുന്നത് തീർച്ചയായും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഈ സംഭവം ശ്രദ്ധയിൽപ്പെട്ട ദിവസം മുതൽ അതായത്, കഴിഞ്ഞ ജൂൺ 12-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം ചൂണ്ടിക്കാണിച്ച് കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രി ശ്രീമതി സുഷമ സ്വരാജിന് കത്തയക്കുകയുണ്ടായി. 13-ാം തീയതി അവരുമായി മുഖ്യമന്ത്രി ടെലഫോണിൽ സംസാരിച്ചു. കേന്ദ്രഗവൺമെന്റ് ഇക്കാര്യത്തിലെ ഗൗരവം ഉൾക്കൊള്ളുന്നുണ്ട്. അതിനുപുറമേ മുഖ്യമന്ത്രിയും ഞാനും  ഇന്ത്യൻ എംബസിയുമായി നിരന്തരം ഫോണിൽ സംസാരിക്കുകയുണ്ടായി. ഇറാക്കിലെ ഇന്ത്യൻ അംബാസിഡർ മലയാളിയായ ശ്രീ. അജയകുമാറാണ്. ഇന്ത്യൻ എംബസി സാദ്ധ്യമായ എല്ലാ സഹായവും ചെയ്യാൻ തയ്യാറാണ്. പക്ഷേ അവിടെ ഇറാക്ക് ഗവൺമെന്റിന് പോലും നിയന്ത്രണമില്ല. ഗവൺമെന്റ് പോലും പാലായനം ചെയ്യുന്നു. ഇറാക്കിലെ പല മേഖലകളും തീവ്രവാദികളു

ടേയും ഐ.എസ്.ഐ.എസ്. – എന്ന ഭീകരസംഘടനയുടെയും നിയന്ത്രണത്തിലാണ്. അവിടെനിന്നും മടക്കയാത്രയ്ക്ക് പ്രശ്നമില്ലെന്നാണ് അംബാസിഡർ അറിയിച്ചിരിക്കുന്നത്. അതിനുവേണ്ടിയുള്ള പണത്തിന്റേയും പ്രശ്നമില്ല. യാത്ര ചെയ്യാൻ കഴിയുന്ന അവസരമുണ്ടായാൽ തീർച്ചയായും അവരെ മടക്കിക്കൊണ്ടുവരും. മലയാളികളായ 44 പേർ ജോലി ചെയ്യുന്ന ഹോസ്പിറ്റൽ തികൃതിലാണ്. അവിടെയാണ് കലാപം ഏറ്റവും കൂടുതൽ ബാധിച്ച മേഖല. അവിടെനിന്നും 140 കിലോമീറ്റർ യാത്രചെയ്താൽ മാത്രമേ എയർപോർട്ടിൽ എത്താൻ സാധിക്കുകയുള്ളൂ. അവിടേയ്ക്കുള്ള യാത്ര ദുഷ്ക്കരമാണ്. ഇപ്പോഴും ഷെല്ലിംഗും ബോംബിംഗും നടക്കുന്നു. വിമാനത്താവളത്തിലേയ്ക്കുള്ള യാത്രയ്ക്ക് ഗ്യാരണ്ടി തരാൻ ആരും തയ്യാറല്ല, കൊണ്ടുവരാൻ സാധിക്കുകയുമില്ല. ഇപ്പോൾ താമസിക്കുന്ന പ്രദേശങ്ങളിൽ അവർ സുരക്ഷിതമാണ്. ഹോസ്പിറ്റലുകളൊന്നും ഇവരുടെ ലക്ഷ്യത്തിൽപ്പെടുന്നില്ല. എങ്കിലും എപ്പോഴെങ്കിലും കൊണ്ടുവരാൻ സാധിച്ചാൽ, റോഡുവഴിയുള്ള യാത്ര സുരക്ഷിതമായാൽ മടക്കിക്കൊണ്ടുവരാൻ തയ്യാറാണ്. ഇന്നലെ റെഡ്ക്രോസിന് സമാന്തരമായ സംഘടനയായ Red Crescent-ന്റെ പ്രവർത്തകർ ഹോസ്പിറ്റലിൽ എത്തി നഴ്സുമാരോട് സംസാരിച്ചു. അവർ അവിടെ സുരക്ഷിതരാണ്. പക്ഷേ മടങ്ങുന്നകാര്യത്തിൽ ഗ്യാരണ്ടിപറയാൻ ഇപ്പോഴും തയ്യാറല്ല. കാരണം അവിടെ നിയമവാഴ്ച തകരാറിലാണെന്നുമാത്രമല്ല നിരന്തരമായ ഷെല്ലിംഗും ബോംബിംഗും നടക്കുന്നു. ഏതായാലും ഇന്ത്യൻ എംബസി ഈ വിഷയം ഗൗരവായി കണക്കിലെടുത്തിട്ടുണ്ട്. താമസ സ്ഥലത്തുനിന്നും എയർപോർട്ടിലേയ്ക്കുള്ള യാത്ര സുഗമമാണെന്ന് ബോദ്ധ്യമായാൽ, സുരക്ഷിതമായാൽ അവരെ മടക്കിക്കൊണ്ടുവരും. യാതൊരു പ്രശ്ന

വുമില്ല. **തികൃതിൽ** കഴിയുന്ന 44 പേരിൽ ഏതാണ്ട് 36 പേരും മടങ്ങാൻ തയ്യാറാണ്. ബാക്കി ആളുകൾ പറയുന്നത് അവർക്ക് 6 മാസമായി ശമ്പളം ലഭിച്ചിട്ടില്ലെന്നാണ്. ശമ്പളം ലഭിക്കാതെ അവർ വരുന്നില്ലെന്നറിയിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ വളരെയേറെ ജാഗ്രത സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും എംബസിയും പുലർത്തുന്നുണ്ട്. എംബസി ഓരോ മണിക്കൂറിലേയും സ്ഥിതി മോണിറ്റർ ചെയ്യുന്നുണ്ട്. എത്രയും വേഗം മടക്കിക്കൊണ്ടുവരാൻ സാദ്ധ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. നോർക്കയുടെ തിരുവനന്തപുരം ഓഫീസിൽ കഴിഞ്ഞ വെള്ളിയാഴ്ച മുതൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് ആരംഭിച്ചിട്ടുണ്ട്. അതിന്റെ ടോൾഫ്രീ നമ്പർ ഞാൻ കൊടുത്തിട്ടുണ്ട്. നോർക്കയുടെ സി.ഇ.ഒ. ശ്രീ. സുധീപ് 24 മണിക്കൂറും അവയിലബിളാണ്. അദ്ദേഹത്തിന്റെ നമ്പരും ഇറാക്കിലെ ഇന്ത്യൻ അംബാസിഡറിന്റെ നമ്പരും കൊടുത്തിട്ടുണ്ട്. ഇന്ത്യൻ എംബസിയിൽ ഹെൽപ്പ് ഡസ്ക് ഉണ്ട്. ബന്ധപ്പെടാൻ പ്രശ്നങ്ങളൊന്നുമില്ല. പക്ഷേ ബന്ധപ്പെട്ടുകഴിഞ്ഞാലും അവരെ എയർപോർട്ടിൽ എത്തിക്കാനുള്ള യാത്ര സുഗമമാകാതെ ഒന്നും ചെയ്യാൻ സാധിക്കില്ല. ഇക്കാര്യത്തിൽ വളരെയേറെ ഉൽക്കണ്ഠ സംസ്ഥാന ഗവൺമെന്റിനുണ്ട്. ഇവിടെ കഴിയുന്ന കുട്ടികളുടെ മാതാപിതാക്കളുടെ ആശങ്ക ഞങ്ങൾ പങ്കുവയ്ക്കുന്നു.

## ഭൂമി ഏറ്റെടുക്കൽ

ശ്രീ. റ്റി.യു. കുരുവിള: സർ, ഈ സബ്മിഷൻ ഗുരുതരമായ ആരോപണവും ഗവൺമെന്റിന് കോടിക്കണക്കിന് രൂപ നഷ്ടം വരുത്തുന്നതുമാണ്.

കോതമംഗലം ബൈപ്പാസിന്റെ കാര്യമാണിത്. കോതമംഗലം പട്ടണത്തിന്റെ ഗതാഗതപ്രശ്നത്തിന് ശാശ്വതപരിഹാരം കാണുവാൻ കഴിയുന്ന തങ്ങളം കോഴിപ്പള്ളി ബൈപ്പാസ് റോഡ് നിർമ്മാണം ഒരു സർവ്വേ നമ്പരിൽ വന്ന മാറ്റംകൊണ്ട് അഞ്ചുവർഷമായി കെട്ടിക്കിടക്കുകയാണ്. ഈ സർവ്വേ നമ്പ രിൽ വന്നമാറ്റം റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്നും വന്ന പിശകാണ്. ആ പിശക് തിരുത്തുവാൻ പ്രസ്റ്റീജിന്റെ പേരിൽ റവന്യൂ ഡിപ്പാർട്ടുമെന്റ് തയ്യാറാകുന്നില്ല. അതിന്റെ ഭൂവുടമ അതനുസരിച്ച് ഹൈക്കോടതിയിൽ കേസ് കൊടുത്തു. ഹൈക്കോടതിയിലെ കേസിന്റെ വെളിച്ചത്തിൽ കളക്ടർ യോഗം വിളിച്ച് തിരുത്തിക്കൊടുക്കാൻ പറഞ്ഞിട്ടും ഡിപ്പാർട്ടുമെന്റ് ചെയ്യാതെ വീണ്ടും പണം കോടതിയിൽ കെട്ടി. അതിനുശേഷം തിരുത്താധാരം വേണ മെന്നാവശ്യപ്പെട്ടു. ആധാരത്തിൽ ഇല്ലാത്ത ഒരു നമ്പർ തിരുത്താധാരം ചെയ്യാൻ ആവശ്യപ്പെട്ടാൽ എങ്ങനെ ചെയ്യാനാണ്. അതുവച്ച് വീണ്ടും കോട തിയിൽ ഭൂവുടമ കേസ് കൊടുത്തിരിക്കുകയാണ്. 24 ശതമാനം ബിലോയി ലാണ് വർക്ക് എടുത്തിരുന്നത്. ആ കോൺട്രാക്ടർ വർക്ക് ഉപേക്ഷിച്ചു. വർക്ക് കൊടുത്തിട്ട് അഞ്ചുവർഷമായി. വർക്ക് റീ ടെണ്ടർ ചെയ്താൽ എത്ര കോടിരൂപ ഗവൺമെന്റിന് നഷ്ടമാകും. ഒരു ഉദ്യോഗസ്ഥൻ ചെയ്ത തെറ്റിന് ഗവൺമെന്റിന് കോടിക്കണക്കിന് രൂപ നഷ്ടം വരുന്നു. ഈയിടെ ഇത് പല പ്രാവശ്യം ഡി.ഡി.സി. യിലും താലൂക്ക് സഭയിലും ഉന്നയിച്ചെങ്കിലും റവന്യൂ ഡിപ്പാർട്ടുമെന്റ് അതിന് തയ്യാറാകുന്നില്ല. അതുപോലെ തന്നെ പി.ഡബ്ല്യൂ.ഡി. നാല് പ്രാവശ്യം അലൈൻമെന്റിന്റെ സർവ്വേ നമ്പർ ഫോർ വൺ, സിക്സ് വൺ-ൽ ഉൾക്കൊള്ളിക്കാതെ വീണ്ടും വീണ്ടും ഇടുന്നു. വർക്ക് തീരണമെ ങ്കിൽ വീണ്ടും കുറച്ച് ഭൂമി എടുക്കണം. ആ ഭൂമി എടുക്കണമെങ്കിൽ കാലതാ

മസം വരും. ഇതുപോലെയുള്ള പ്രശ്നമാണ് ഈ ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ ഉള്ളതെങ്കിൽ കേരളത്തിൽ എന്തുവികസനമാണ് നടക്കുന്നത്. അതുകൊണ്ട് ഇതിൽ നടപടിയെടുത്ത് തെറ്റുകാരുടെ പേരിൽ കർശന നടപടിയെടുക്കണ മെന്ന് വിനീതമായി അപേക്ഷിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, എറണാകുളം ജില്ലയിലെ തങ്ങളം കോഴിപ്പിള്ളി ബൈപ്പാസിനുവേണ്ടി 3.2552 ഹെക്ടർ സ്ഥലം 2009-ൽ ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറി യിട്ടുള്ളതാണ്. ഭൂമി ഏറ്റെടുത്തതിനുശേഷം സർവ്വേ നമ്പറിൽ വന്ന പിശക് സംബന്ധിച്ച് ഭൂവുടമകളിൽ ഒരാൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ സ്റ്റേ അനുവദിക്കുകയും 20-11-2011-ൽ ഈ സ്റ്റേ നീക്കം ചെയ്തിട്ടുള്ളതുമാണ്. സർവ്വേ നമ്പറിന്റെ പിശക് സംബന്ധിച്ച പരാതിയിൽ സ്ഥലപരിശോധന നടത്തി വിശദമായ പരിശോധനാ റിപ്പോർട്ടും പിശകുണ്ടെങ്കിൽ തിരുത്തിയ കറക്ഷൻ റിപ്പോർട്ടും സമർപ്പിക്കുവാൻ സർവ്വേ ഡെപ്യൂട്ടി ഡയറക്ടർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാലുടൻ ജില്ലാകളക്ടർ തുടർനടപടി സ്വീകരിക്കുന്നതാണ്. ബഹുമാന്യനായ റ്റി.യു. കുരുവിള ഇവിടെ സൂചിപ്പിച്ചത് വളരെ ബോധപൂർവ്വ മായി കാലതാമസമുണ്ടാക്കുന്നു എന്നുള്ളതാണ്. അങ്ങനെ ബോധപൂർവ്വ മായി കാലതാമസമുണ്ടാക്കുന്നതാണോ എന്നതിനെക്കുറിച്ച് നിശ്ചയമായും പരിശോധന നടത്തും. സമയബന്ധിതമായിത്തന്നെ ഇതിന്റെ റിപ്പോർട്ട് നൽകുന്നുണ്ടോ എന്ന് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ഏതെങ്കിലും ഒരുദ്യോഗസ്ഥൻ ഇക്കാര്യത്തിൽ പ്രത്യേകമായി കാലതാമസം ഉണ്ടാക്കുന്ന

പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണെങ്കിൽ ഗവൺമെന്റ് തീർച്ചയായും ഇക്കാര്യത്തിൽ ഇടപെടും. അതിന് നടപടി ഉണ്ടാകുമെന്ന് ഈയവസരത്തിൽ ഞാൻ അറിയിക്കുകയാണ്.

## റവന്യൂ ഡിവിഷണൽ ഓഫീസ്

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഇരിങ്ങാലക്കുടയിൽ ഒരു ആർ.ഡി. ഓഫീസ് ആരംഭിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. ഭൂവിസ്തൃതി യിലും ജനസംഖ്യയിലും വളരെ മുന്നിൽ നിൽക്കുന്ന ജില്ലകളിൽ ഒന്നാണ് തൃശ്ശൂർ ജില്ല. എന്നാൽ തൃശ്ശൂർ ജില്ലയിൽ ഒരു ആർ.ഡി. ഓഫീസ് മാത്രമേ ഇപ്പോൾ നിലവിലുള്ളൂ. ഭരണപരമായിട്ടുള്ള കാര്യങ്ങളിലൊക്കെ ഇത് വളരെ ബുദ്ധിമുട്ടുകളാണ് ഉണ്ടാക്കുന്നത്. ജനങ്ങൾക്കാണെങ്കിലും ഒരുപാട് ദൂരം യാത്ര ചെയ്തിട്ടാണ് ഇപ്പോൾ നിലവിലുള്ള ആർ.ഡി.ഓഫീസിൽ എത്തിച്ചേ രാൻ കഴിയുക. പ്രത്യേകിച്ച് ഇരിങ്ങാലക്കുട, ചാലക്കുടി, മലക്കപ്പാറ, കൊടു ങ്ങല്ലൂർ തുടങ്ങിയ പ്രദേശങ്ങളിലൊക്കെ നിന്നുള്ളവർ ആർ.ഡി.ഓഫീസിൽ എത്തുന്നതിന് വളരെ ദൂരം യാത്ര ചെയ്യേണ്ടതായിട്ടുണ്ട്. നമ്മുടെ സംസ്ഥാ നത്ത് ഒട്ടുമിക്ക ജില്ലകളിലും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകു ളം, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലൊക്കെ ഒന്നിലധികം ആർ.ഡി.ഓഫീസുകളുണ്ട്. ഭരണപരമായ ആവശ്യങ്ങൾക്ക് തീർച്ചയായിട്ടും ഭൂവിസ്തൃതിയും ജനസംഖ്യയും ഉള്ള ജില്ലകളിൽ കൂടുതൽ ആർ.ഡി.ഓഫീസുകൾ അനുവദിക്കേണ്ടത് ഏറ്റവും അനിവാര്യമാണ്. ആർ.ഡി.ഓഫീസ് പുതുതായി ആരംഭിക്കുമ്പോൾ അത് തീർച്ചയായും ഇരി ങ്ങാലക്കുടയിൽ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെ ന്നാണ് എന്റെ അഭ്യർത്ഥന. അവിടെ അതിനാവശ്യമായ സൗകര്യങ്ങളുണ്ട്.

ഒട്ടുമിക്ക ഓഫീസുകളിലും ആവശ്യമായ സ്ഥലവും കെട്ടിടങ്ങളുമുണ്ട്. അതിലേക്ക് ഗൗരവമായി ആലോചിച്ച് ഇരിങ്ങാലക്കുടയിൽ ആർ.ഡി.ഓഫീസ് ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, വളരെ യധികം ജനസാന്ദ്രതയും ഏറ്റവും കൂടുതൽ വില്ലേജുകളും അതായത് 256 വില്ലേജുകളും ആറ് താലൂക്കുകളുമുള്ള തൃശ്ശൂർ ജില്ലയിൽ നിലവിൽ ഒരു റവന്യൂ ഡിവിഷൻ മാത്രമാണുള്ളത്. മുകുന്ദപുരം താലൂക്കിന് കീഴിലുള്ള മലക്കപ്പാറ, വെറ്റിലപ്പാറ എന്നിവിടങ്ങളിലെ ജനങ്ങൾ നൂറുകിലോമീറ്ററി ലധികം യാത്ര ചെയ്താണ് ആർ.ഡി.ഓഫീസിൽ എത്തുന്നത്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജനസംഖ്യയ്ക്ക് ആനുപാതികമായി മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് നൽകുന്നതിനും സർക്കാർ ഭരണം കാര്യക്ഷമമാക്കുന്ന തിനും സംസ്ഥാനത്ത് പുതിയ റവന്യൂ ഡിവിഷനുകളുടെ രൂപീകരണം വളരെ അനിവാര്യമാണ്. സംസ്ഥാനത്ത് പുതിയ 30 വില്ലേജുകളും 12 പുതിയ താലൂക്കുകളും രൂപീകരിക്കുകയും പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടു ള്ളതാണ്. പുതിയ റവന്യൂ ഡിവിഷനുകൾ രൂപീകരിക്കുന്നത് ഇപ്പോൾ പരിഗ ണനയിലില്ല. ഇക്കാര്യം വളരെ പ്രധാനപ്പെട്ട വിഷയമാണെങ്കിലും തൽക്കാലം ഇത് പരിഗണിക്കാൻ കഴിയില്ല എന്നാണ് ബഹുമാനപ്പെട്ട അംഗത്തെ അറിയി ക്കാനുള്ളത്.

## കർഷകർക്ക് നഷ്ടപരിഹാരം

ശ്രീ. എ.റ്റി. ജോർജ്: സർ, 2014 ഏപ്രിൽ മാസം തിരുവനന്തപുരം ജില്ല യിൽ ഉണ്ടായ വേനൽ മഴ ജില്ലയിൽ വ്യാപകമായ നാശനഷ്ടങ്ങളുണ്ടാക്കി. അതിൽ ഏറ്റവുമധികം നാശനഷ്ടങ്ങളുണ്ടായത് നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിലാണ്. അവിടെ ഏറ്റവുമധികം കൃഷിനാശമുണ്ടായത് എന്റെ നിയോജക മണ്ഡലത്തിലാണ്. അവിടെ വ്യാപകമായ കൃഷിനാശമുണ്ടായി. ലക്ഷക്കണക്കിന് വാഴകൾ, പച്ചക്കറികൃഷികൾ, റബ്ബർമരങ്ങൾ അടക്കമുള്ളവ വേനൽമഴയിലും കാറ്റിലുംപെട്ട് നഷ്ടപ്പെട്ടുപോയി. അവിടെ പാട്ടത്തിന് ഭൂമി എടുത്ത് കൃഷി ചെയ്യുന്ന കർഷകരാണ് ഏറെയും. അവർക്ക് വീണ്ടും കൃഷി ചെയ്യുവാനോ ജീവിതം മുന്നോട്ടുകൊണ്ടുപോകാനോ വയ്യാത്ത ഒരവസ്ഥയാണ്. ഈ വക കാര്യങ്ങൾ ഒക്കെ കണക്കിലെടുത്തുകൊണ്ട് കൃഷി ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടുമായി ഞാൻ 16-04-2014-ൽ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും കൃഷിവകുപ്പുമന്ത്രിക്കും റവന്യൂ വകുപ്പുമന്ത്രിക്കും ഇതിനെക്കുറിച്ചുള്ള വിശദമായുള്ള പരാതി നൽകി. പക്ഷേ ഇന്നുവരെയും ഒരു നടപടിയും ഉണ്ടായിട്ടില്ല. റവന്യൂ വകുപ്പ് കൃഷി വകുപ്പിനെയും കൃഷി വകുപ്പ് റവന്യൂ വകുപ്പിനെയും പരസ്പരം മാറി മാറി പരാതി പറയുന്നതല്ലാതെ പട്ടിണി കിടക്കുന്ന കൃഷിനാശം സംഭവിച്ച പാവപ്പെട്ട കർഷകന്റെ ബുദ്ധിമുട്ടുകൾ കേൾക്കാൻ ആരുമില്ലാത്ത അവസ്ഥയാണ് ഇന്നുള്ളത്. അതുകൂടാതെ തന്നെ 2012-13 വർഷത്തിൽ 80,05,005 രൂപയും വരൾച്ചക്കെടുതിയിൽ 1,08,58,670 രൂപയും 2013-14 വർഷത്തിൽ കാലവർഷക്കെടുതിയിൽ 70,92,147 രൂപയും 2014 ഏപ്രിൽ മാസത്തിലെ വേനൽമഴക്കെടുതിയിൽ

1,31,36,000 രൂപയും കൃഷി നാശം സംഭവിച്ചതായി കണക്കുകളിലൂടെ കാണുവാൻ കഴിയുന്നു. ഇവയ്ക്കൊന്നും തന്നെ ഒരു പരിഹാരമുണ്ടാകാതെ മുമ്പോട്ടുപോയാൽ കൃഷി പ്രോൽസാഹിപ്പിക്കുക മാത്രമല്ല, കൃഷിക്കാരൻ കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്യേണ്ട സ്ഥിതിയിലേക്ക് മാറുന്നു. ഇതിനൊരു പരിഹാരം ഉണ്ടാകുവാൻ അടിയന്തരമായി മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും കൃഷിവകുപ്പുമന്ത്രിയും സംയുക്തമായി ഒരു തീരുമാനമെടുത്ത് ആവശ്യത്തിനുള്ള തുക അനുവദിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുവാനുള്ളത്. അതുപോലെ തന്നെ തിരുവനന്തപുരം ജില്ലയിൽ കളക്ടർക്ക് ഫണ്ടുകൾ അനുവദിച്ചുകഴിഞ്ഞാൽ ഈ ഫണ്ടുകൾ വിനിയോഗിക്കപ്പെടുന്നതിന് ഒരുപാട് മാനദണ്ഡങ്ങൾ ഉണ്ട്. അദ്ദേഹം സ്വന്തമായിത്തന്നെ കുറേ മാനദണ്ഡങ്ങൾ അദ്ദേഹത്തിന്റെ മനസ്സിൽ വച്ചുപുലർത്തുന്നതുകൊണ്ട് ഈ ഫണ്ടുകൾ യഥാസമയം വിനിയോഗിക്കപ്പെടാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട് ഇതിന് അടിയന്തിരമായ ഒരു ശ്രദ്ധ പതിപ്പിച്ച് നടപടികൾ ഉണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ഉന്നയിച്ചതിൽ കാട്ടാക്കടയും ഉൾപ്പെടുമല്ലോ?

ശ്രീ. എ.റ്റി. ജോർജ്: അക്കൂട്ടത്തിൽ പറഞ്ഞിട്ടുണ്ട്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 2012 ഏപ്രിൽ മുതൽ തിരുവനന്തപുരം ജില്ലയിൽ പ്രകൃതിക്ഷോഭം മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി

12,23,00,000 രൂപയാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് കുടിശ്ശികയായി അനുവദിക്കാനുള്ളതെന്ന് ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 2014 –ലെ വരൾച്ച, വേനൽമഴ എന്നിവ മൂലമുണ്ടായ കൃഷിനാശത്തിന്റെ പ്രഥമവിവര റിപ്പോർട്ട് പ്രകാരമുള്ള 5.6 കോടിരൂപയുടെ നാശനഷ്ടം ഉൾപ്പെടുത്തിയിട്ടുണ്ട്. കടലാക്രമണം ഉൾപ്പെടെ വിവിധ ഇനങ്ങളിലായി 19,59,20,000 രൂപ തിരുവനന്തപുരം ജില്ലയ്ക്ക് 16-06-2014–ന് സർക്കാർ ഉത്തരവുപ്രകാരം അനുവദിച്ചുനൽകിയിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് വ്യക്തമായ മറുപടിയാണോ?

ശ്രീ. അടൂർ പ്രകാശ്: സർ, കൃഷിനാശത്തിനും മറ്റും കേന്ദ്രസർക്കാർ ചില മാനദണ്ഡങ്ങൾ വച്ചിട്ടുണ്ട്. ആ മാനദണ്ഡങ്ങൾക്കനുസരിച്ച് കൃഷിനാശം ഉണ്ടായിട്ടുണ്ട് എങ്കിൽ ഇന്നലെ റിലീസ് ചെയ്തുകൊടുത്തിരിക്കുന്ന പണത്തിൽ നിന്നും കൃഷിയ്ക്ക് വേണ്ടി കൊടുക്കാൻ പണം അനുവദിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട എ.റ്റി. ജോർജ് ഉന്നയിച്ചത് രണ്ട് നിയോജകമണ്ഡലങ്ങളിലെ പ്രശ്നമാണ്. അത് പ്രത്യേകമായി പരിഗണിക്കാൻ നിർദ്ദേശം കൊടുക്കണം.

ശ്രീ. അടൂർ പ്രകാശ്: സർ, ഇത് രണ്ട് നിയോജക മണ്ഡലങ്ങളിലെ കാര്യം മാത്രമല്ല, മറ്റ് പല അംഗങ്ങളും ഇക്കാര്യങ്ങൾ എഴുതിത്തന്നിട്ടുണ്ട്. ഇവിടത്തെ മാത്രമല്ല, കേരളത്തിലെ വിവിധ ജില്ലകളിൽ നടന്നിട്ടുള്ള കൃഷിനാശവുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട പല അംഗങ്ങളും എനിക്ക് എഴുതിത്തന്നിട്ടുണ്ട്. അതനുസരിച്ചുതന്നെ എല്ലാ ജില്ലകളിലും കൊടുക്കും. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇവിടെ പ്രഖ്യാപിച്ചതാണ്

ഏതാണ്ട് 139 കോടി രൂപ വിവിധ ജില്ലകളിലായി വിതരണം ചെയ്യാൻ അനുമതി കൊടുത്തുകഴിഞ്ഞു.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് വേഗം കൊടുക്കണമെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത്.

## നഷ്ടപരിഹാരം നൽകൽ

ശ്രീ. എം. പി. വിൻസെന്റ്: സർ, എന്റെ നിയോജക മണ്ഡലമായ ഒല്ലൂർ നിരവധി കുടിയേറ്റ കർഷകരുടെ മേഖലയാണ്. ഇവരിൽ പലർക്കും പട്ടയം കൈവശമില്ലെന്ന് മാത്രമല്ല കൈവശമായി മറ്റു രേഖകളൊന്നുമില്ല. കൈവശ രേഖയെന്ന് പറയുന്ന താൽക്കാലികമായിട്ടുള്ള ഒരവകാശം മാത്രമേയുള്ളു. ഒല്ലൂരിൽ 60-ഉം 70-ഉം വർഷക്കാലം ഭൂമി കൈവശം വച്ചിരിക്കുന്ന പാവപ്പെട്ട കർഷകർക്ക് പട്ടയം സംബന്ധിച്ചുള്ള നടപടികൾ പൂർത്തിയാകാത്തതിനാൽ പട്ടയം ലഭിച്ചിട്ടില്ല. കൃഷിയെ അശ്രയിച്ചാണ് അവരുടെ ജിവിതം മുന്നോട്ട് പോകുന്നത്. പ്രകൃതിക്ഷോഭത്തിൽ കൃഷി നശിക്കുന്നത് അവർക്ക് വൻ നഷ്ടമാണുണ്ടാക്കുന്നത്. അതോടൊപ്പം തന്നെ വീട് നഷ്ടപ്പെടുന്നു. പ്രകൃതിക്ഷോഭത്തിന്റെ ഭാഗമായി വീടും കൃഷിയും നശിക്കുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടിൽ നിന്ന് അവരെ രക്ഷപ്പെടുത്താൻ സർക്കാരിൽനിന്ന് പ്രത്യേകമായ പരിഗണന കുറവാണ്. കൃഷി നശിച്ചു പോകുന്നു. പ്രകൃതി ക്ഷോഭത്തിന്റെ ഭാഗമായി വീടുകൾ നശിക്കുമ്പോൾ പട്ടയമില്ലാത്തതിന്റെ പേരിൽ പലർക്കും സർക്കാരിൽനിന്ന് കിട്ടുന്ന സഹായങ്ങൾ നഷ്ടപ്പെടുകയാണ്. പട്ടയമില്ലാത്തതിന്റെ പേരിൽ പ്രകൃതിക്ഷോഭത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം ലഭിക്കുന്നില്ല. ഇത് വളരെ ദയനീയമായ ഒരവസ്ഥയാണ് ഉണ്ടാക്കുന്നത്. പട്ടയമില്ലെന്ന കാര

ണത്താൽ പ്രകൃതിക്ഷോഭത്തിനുള്ള നഷ്ടപരിഹാരം ലഭിക്കാത്തത് സംബന്ധിച്ച് ഞാൻ പലപ്രാവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഈ സ്ഥിതിക്ക് പരിഹാരം കാണണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. നാശനഷ്ടം വരുന്ന കൃഷി വിളകൾക്ക്, അത് റബ്ബറായാലും, വാഴയായാലും മറ്റ് കൃഷികളായാലും, തത്തുല്യമായ രീതിയിൽ കൃഷി വകുപ്പിന്റെയും അതുപോലെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും തുക പ്രഖ്യാപിക്കുമ്പോൾ ഇവർക്ക് പട്ടയമില്ലെന്നതിന്റെ പേരിൽ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയാണ്. ഇത് ഒല്ലൂർ മണ്ഡലത്തിലെ മാത്രം വിഷയമല്ല. സംസ്ഥാനത്തൊട്ടാകെയുള്ള കാർഷിക വിളകളെ മാത്രം ബന്ധപ്പെടുത്തി ജീവിക്കുന്ന ആയിരക്കണക്കിന് വരുന്ന കർഷകരെ സംബന്ധിച്ചുള്ളതാണ്. കൈവശരേഖ ഉള്ളവർക്കെങ്കിലും അത് കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്കിവിടെ പറയാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കൈവശരേഖ എന്നത് ഭൂമിയുടെ ഉടമസ്ഥാവകാശ രേഖയായി കണക്കാക്കുന്നില്ല. പട്ടയം ലഭിക്കുന്നതിനുള്ള ഉറപ്പായി കൈവശരേഖ കണക്കാക്കുവാൻ പാടില്ല. കൈവശരേഖയുണ്ടെങ്കിലും ഭൂമിയുടെ തരം സർക്കാർ ഭൂമി എന്ന നിലയിൽ നിലനിൽക്കുന്നു. പുറംപോക്കിലുള്ള വീട് നശിച്ചതിന് ആശ്വാസ സഹായം നൽകാൻ സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗത്തിന്റെ മാനദണ്ഡ പ്രകാരം വ്യവസ്ഥയില്ല. പ്രകൃതിക്ഷോഭം മൂലം കൃഷി നഷ്ടപ്പെട്ടാൽ പട്ടയം, ആധാരം, കൈവശസർട്ടിഫിക്കറ്റ്, നികുതിയടച്ച രസീത് എന്നിവയില്ലാതെ നഷ്ടപരിഹാരം നൽകാൻ നിലവിൽ വ്യവസ്ഥയില്ല. ഇക്കാരണങ്ങളാലാണ്

പട്ടയമില്ലാത്ത ഭൂമിയിൽ പ്രകൃതിക്ഷോഭം മൂലം വീട്, കൃഷി എന്നി വയ്ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി യിൽ നിന്നും നിലവിൽ ധനസഹായം അനുവദിക്കാതിരിക്കുന്നത്. ബഹുമാന പ്പെട്ട അംഗം ശ്രീ. എം. പി. വിൻസെന്റ് വളരെ പ്രധാനപ്പെട്ട വിഷയമെന്നുള്ള നിലയിൽ ഇവിടെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നിയമാനുസരണം ഇവർക്ക് എത്രയും വേഗത്തിൽ പട്ടയം നൽകാനാവശ്യമായ നടപടി സ്വീകരി ക്കുന്നതിന് സർക്കാർ മുൻകൈയെടുക്കുന്നതാണ്.

## പ്രകൃതിക്ഷോഭം മൂലമുണ്ടായ കൃഷിനാശം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഈ കഴിഞ്ഞ ഏപ്രിൽ, മെയ് മാസങ്ങളിലുണ്ടായ വേനൽ മഴയിൽ കനത്ത നാശനഷ്ടമാണ് വയനാട് ജില്ല യിലുണ്ടായത്. അതിലേറ്റവും കൂടുതൽ നാശനഷ്ടം സംഭവിച്ചത് എന്റെ നിയോജകമണ്ഡലമായ സുൽത്താൻ ബത്തേരിയിലാണ്. കഴിഞ്ഞ വർഷം ഏപ്രിൽ, മെയ് മാസങ്ങളിൽ കടുത്ത വരൾച്ചയായിരുന്നെങ്കിൽ ഇപ്പോൾ കടുത്ത കാലവർഷക്കെടുതിയാണുണ്ടായിട്ടുള്ളത്. 6 വീടുകൾ പൂർണ്ണമായി തകരുകയും 434 വീടുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. മാത്രമല്ല 8 പഞ്ചായത്തുകളിലെ കണക്കെടുത്ത് പരിശോധിക്കുമ്പോൾ 7 കോടി രൂപയുടെ നാശനഷ്ടമാണുണ്ടായിട്ടുള്ളത്. മാത്രമല്ല വയനാട് ജില്ലയെ സംബന്ധിച്ച് കാർഷിക മേഖലയിൽ പ്രതിസന്ധികൾ ഉണ്ടായിക്കൊണ്ടിരിക്കു ന്നൊരു ഘട്ടമാണ്. ഏകദേശം 3 ലക്ഷം വാഴ മഴയിലും കാറ്റിലും തകർന്നുയെന്നുള്ളതാണ് യാഥാർത്ഥ്യം. മാത്രമല്ല വയനാട് ജില്ലയിലെ യുവാക്കളാണ് കൃഷി മേഖലയിലേക്ക് ഇറങ്ങിയിട്ടുള്ളത്. ഇവർക്കാവശ്യമായ

നഷ്ടപരിഹാരം നൽകാൻ ഗവൺമെന്റ് തയ്യാറാകണം. കഴിഞ്ഞ കാലങ്ങളിലൊക്കെ കാലവർഷക്കെടുതിയുണ്ടായാൽ ഒരു മാസംകൊണ്ടുതന്നെ നഷ്ടപരിഹാരം കൊടുക്കുന്നൊരു കീഴ്വഴക്കമുണ്ടായിരുന്നു. വയനാട് ജില്ലയെ സംബന്ധിച്ച് 2011-12 വർഷങ്ങളിലുണ്ടായ കാലവർഷക്കെടുതിയുടെ കുടിശ്ശികപോലും ഇപ്പോഴും കൊടുത്തുതീർക്കാൻ ബാക്കിയാണ്. കർഷകരെ സഹായിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഇത്തരം കാര്യങ്ങളിൽ അടിയന്തരമായി ഇടപെടണം. വയനാട്ടിലെ കർഷകരെ ഈ കെടുതിയിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള സാഹചര്യങ്ങളുണ്ടാക്കണമെന്നാണ് ഈ സഭ മുമ്പാകെ സബ്മിഷൻ ഉന്നയിക്കുന്നത്.

റവന്യൂവും കയറും വകുപ്പു മന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, വേനൽ മഴയിൽ വയനാട് ജില്ലയിലെ വിവിധ ഭാഗങ്ങളിലായി ആകെ 822 വീടുകൾ ഭാഗികമായും 12 വീടുകൾ പൂർണ്ണമായും നശിക്കുകയും ഏകദേശം 74,91,121 രൂപയുടെ നഷ്ടം കണക്കാക്കുകയും ചെയ്തിട്ടുണ്ട്. പ്രിൻസിപ്പിൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് പ്രകാരം 2014-ൽ വേനൽ മഴയിൽ 739.09 ഹെക്ടറിലായി 12,95,18,625 രൂപയുടെ നാശനഷ്ടമാണ് ജില്ലയിൽ കണക്കാക്കിയിരിക്കുന്നത്. 2014-ലെ വേനൽ മഴയിൽ പ്രകൃതിക്ഷോഭം മൂലമുണ്ടായ നാശനഷ്ടങ്ങളുൾപ്പെടെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്കു വിധേയമായി നഷ്ടപരിഹാരം അനുവദിക്കുന്നതിന് എല്ലാ ജില്ലാ കലക്ടർമാരും അടിയന്തര നടപടി സ്വീകരിച്ചു വരുന്നു. ഞാൻ നേരത്തെ ശ്രീ. എ. റ്റി. ജോർജിന്റെ സബ്മിഷന് മറുപടി പറഞ്ഞതുപോലെത്തന്നെ വയനാട് ജില്ലയിലും ഇന്നലെ പണം അനുവദിച്ചുനൽകിയിട്ടുണ്ട്.